## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1821** **15-03-2022 - ൽ മറുപടിയ്ക്ക്**

## നെടുങ്കണ്ടം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഉടുമ്പൻചോല മണ്ഡലത്തിലെ നെടുങ്കണ്ടത്ത് പ്രവർത്തിച്ചുവരുന്ന കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിന് പഞ്ചായത്ത് സ്ഥലം വാങ്ങി നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. ഉടുമ്പൻചോല താലൂക്കിൽ കൽകൂന്തൽ വില്ലേജിൽ സർവ്വേ നം. 148/12-5, 188/10-12, 188/4-10 എന്നിവയിലായി 64.80 ആർ സ്ഥലം നെടുങ്കണ്ടം പഞ്ചായത്ത് 21/10/2019-ൽ 3091/2019 നമ്പർ ദാനാധാര പ്രകാരം കെ.എസ്.ആർ.ടി.സി-യുടെ പേരിൽ എഴുതി നൽകിയിട്ടുണ്ട്. |
| (ബി) | ഇവിടെ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടം പണി പൂർത്തിയായിട്ടുണ്ടോ; | (ബി) | പണി പൂർത്തിയായിട്ടില്ല. |
| (സി) | നെടുങ്കണ്ടത്തെ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നും കോവിഡ് കാലത്തിന് മുൻപ് എത്ര സർവ്വീസുകളാണ് ഓപ്പറേറ്റ് ചെയ്തിരുന്നതെന്നും നിലവിൽ എത്ര സർവ്വീസുകളാണ് ഓപ്പറേറ്റ് ചെയ്യുന്നതെന്നും അറിയിക്കാമോ; | (സി) | കോവിഡ് കാലത്തിന് മുമ്പ് നെടുങ്കണ്ടം ഓപ്പറേറ്റിംഗ് സെൻററിൽ നിന്നും 15 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. നിലവിൽ 10 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. |
| (ഡി) | കോവിഡ് കാലത്തിന് മുൻപ് ഇവിടെ എത്ര ജീവനക്കാർ ജോലി ചെയ്തിരുന്നുവെന്നും നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും ഇവരുടെ തസ്തികകളുടെ പേര് സഹിതം വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) | കോവിഡ് കാലത്തിനു മുൻപ് ജോലി ചെയ്തിരുന്ന ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു. (i) സ്ഥിരം ജീവനക്കാർ ഡ്രൈവർ - 30 കണ്ടക്ടർ - 21 മെക്കാനിക്ക് - 8 സ്റ്റേഷൻ മാസ്റ്റർ - 1 ഇൻസ്പെക്ടർ - 2 ചാർജ്ജ്മാൻ - 1 (ii) താൽക്കാലിക ജീവനക്കാർ ഡ്രൈവർ - 8 കണ്ടക്ടർ - 16 സി.എൽ.ആർ -2 നിലവിലെ സ്ഥിരം ജീവനക്കാർ ഡ്രൈവർ - 29 കണ്ടക്ടർ - 25 സ്റ്റേഷൻ മാസ്റ്റർ - 1 ഇൻസ്പെക്ടർ - 2 നിലവിലെ താൽക്കാലിക ജീവനക്കാർ സി.എൽ.ആർ - 2. |
| (ഇ) | പഞ്ചായത്ത് സ്ഥലം വാങ്ങി നൽകുകയും എം.എൽ.എ. ഫണ്ടും മറ്റും പ്രയോജനപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുകയും ചെയ്യുമ്പോൾ ഈ ഓപ്പറേറ്റിംഗ് സെന്ററിന്റെ പ്രവർത്തനങ്ങൾ താറുമാറാകുന്നതിനും | (ഇ) | 2019 ഡിസംബർ മാസം വരെ ഓപ്പറേറ്റ് ചെയ്തിരുന്ന ലാഭകരമായ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിർദ്ദേശം യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ |

| | | | |
|---|---|---|---|
| | സർവ്വീസുകൾ വെട്ടിക്കുറയ്ക്കുന്നതിനും ഇടയാക്കുന്നതായി പറയപ്പെടുന്ന സാഹചര്യങ്ങൾ വിശദീകരിക്കാമോ? | | സാമ്പത്തിക സ്ഥിതിയിൽ കഴിയാത്ത സാഹചര്യമാണുള്ളത്. |

സെക്ഷൻ ഓഫീസർ